**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബുധനൂർ ഗ്രാമപഞ്ചായത്ത് - കുന്നത്തൂർകുളങ്ങര ദേവീക്ഷേത്രത്തിലെ പള്ളി വിളക്കുകൾക്ക് സംരക്ഷണ ഗ്രാന്റ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 208/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 31/01/2019

പരാമർശം:- 1. ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 16/11/2018 ൽ നടന്ന സാധാരണ മീറ്റിംഗിലെ VI(1)-ാം നമ്പർ തീരുമാനം

2. ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/11/2018 ലെ BDHNR/GP/P-682/18 നമ്പർ കത്ത്

**ഉത്തരവ്**

ബുധനൂർ ഗ്രാമ പഞ്ചായത്തിലെ പുരാതനമായ ക്ഷേത്രമായ കുന്നത്തൂർകുളങ്ങര ദേവീക്ഷേത്രത്തിൽ എല്ലാ വർഷവും മേടമാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങളായി നടത്തപ്പെടുന്ന പത്താമുദയ മഹോത്സവത്തിൽ അവസാനത്തെ ദിവസം തെളിയിക്കുന്ന രണ്ട് പള്ളി വിളക്കുകൾ പൗരാണികവും ചരിത്രപ്രധാനവുമാണെന്നും അപൂർവ്വമായി അവശേഷിക്കുന്ന ക്ഷേത്ര സംസ്കാരങ്ങളുടെ ദൃശ്യാവിഷ്കാരവുമായ ടി പള്ളിവിളക്കുകൾ തെളിയിക്കുന്നതിനും ആയത് സംരക്ഷിക്കുന്നതിനുമായി പ്രതിവർഷം 5 ലക്ഷം രൂപയോളം പ്രദേശവാസികൾ ചെലവഴിക്കുന്നുവെന്നും, ആയതിനാൽ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പള്ളിവിളക്കുകളുടെ സംരക്ഷണ ഗ്രാന്റായി 5,000/- രൂപ വീതം രണ്ടു പള്ളി വിളക്കിനും കൂടി ആകെ 10,000/-രൂപ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കുന്നത്തൂർകുളങ്ങര ദേവീക്ഷേത്രത്തിലെ പള്ളിവിളക്കുകളുടെ സംരക്ഷണ ഗ്രാന്റായി 5,000/- രൂപ വീതം രണ്ടു പള്ളി വിളക്കിനും കൂടി ആകെ 10,000/- രൂപ (പതിനായിരം) നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ.കെ.കെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പ്രസിഡന്റ്, ബുധനൂർ ഗ്രാമപഞ്ചായത്ത്, എണ്ണക്കാട് - 689624.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.